# ഭ്രാന്ത്

**********

കാമ ഭ്രാന്ത് പതുങ്ങി നടക്കുന്ന വനാന്തരം.
കരളിൽ ഒളിച്ച് വച്ചിരിക്കുന്നത്
 പുറത്തു ചാടുന്ന വേളകൾ
കുരുതിക്കളങ്ങൾ!
കൂട്ടിയും കുറച്ചും, പിന്നെ ഗുണിച്ചും
ആരോ പറയുന്നുറക്കെ
എന്തിനായ് വെളുത്തു  ലോകമേ,
ഇവളുടെ ആയുസ്സ്   കൊണ്ടുപോകാൻ?

.വിഷക്കടലിന്റെ ഓളങ്ങളിൽ
അന്യന്റെ കരള് മുറിച്ചിട്ട്
തെറ്റിലേക്ക് പിച്ച വച്ച് പോയവനേ,
നിനക്ക് മാപ്പില്ല.

നീതിയുടെ മുഖം  നോക്കി നിസ്സഹായമായി
പിടയുന്നവരെ കാണുന്നു.
കുറ്റം ചയ്തവർ കേളിയാടി നടക്കുകയും
നിരപരാധികൾ വ്യസനത്തിന്റെ പുഴയിൽ
മുങ്ങിച്ചാകുകയും ചെയ്യുന്നു.
കാമഭ്രാന്തിന്റെ മേച്ചിൽ പ്പുറങ്ങളിൽ
നമുക്ക് അശ്വമേധങ്ങൾ നടത്തണം
അതിൽ കരുണ വഴിഞ്ഞൊഴുകുന്ന
കൊടി കൾ   നീട്ടികെട്ടണം.
ദുഖത്തിന്റെ മാറാപ്പുകൾ   വലിച്ച് കീറ.ണം
സാധാരണക്കാരിൽ  സധാരണക്കാരനായി
സത്യം നമുക്കിടയിൽ ചുറ്റി നടക്കണം.

******************************

വരദേശ്വരി. കെ.

******************************